# Athmaraksha.org

പാപ്പയിൽ നിറഞ്ഞുനിൽക്കുന്ന സ്വഭാവഗുണങ്ങൾ

## നിങ്ങൾക്കെന്നെ സഹോദരൻ എന്നു വിളിക്കാം പെന്തക്കോസ്തു സഭയോട് ഫ്രാൻസിസ് പാപ്പ



"സഹോദരൻ അല്ലെങ്കിൽ സഹോദരി" ഈ രണ്ടു വാക്കുകളിൽ ഒരെണ്ണം മാത്രമേ ക്രൈസ്തവരെ വേർതിരിക്കാൻ ഫ്രാൻസിസ് പാപ്പാ ഉപയോഗിക്കുന്നുള്ളൂ. മറ്റ് തിരി വുകൾ ആവശ്യമില്ല എന്നാണ് പാപ്പ പറയുന്നത്."ദൈവികസാന്നിദ്ധ്യത്തിലേയ്ക്ക് ഒരാൾ നടന്നടുക്കുമ്പോഴാണ് ഈ സാഹോദര്യം ഫലവത്താകുന്നത്." കസാർത്തയിലെ പെന്തക്കോസ്ത് വിശ്വാസികളോടാണ് പാപ്പാ ഇപ്രകാരം പറഞ്ഞത്.

പെന്തക്കോസ്തുസഭ സന്ദർശിക്കാനുള്ള തീരുമാനത്തെ ആശ്ചര്യത്തോടെയാണ് ചിലർ സ്വീകരിച്ചതെന്നു പാപ്പാ പറയുന്നു. കസാർത്തയിലെ പെന്തക്കോസ്ത് ചർച്ചിന്റെ അനുരഞ്ജനത്തിന്റെ ഭാഗമായാണ് ഫ്രാൻസിസ് പാപ്പയുടെ കസാർത്ത സന്ദർശനം.

കത്തോലിക്കപഠനങ്ങളിൽ പെന്തക്കോസ്തുവിശ്വാസവുമായുള്ള ഒരു കൂടിച്ചേരൽ എളുപ്പമല്ല എന്ന് പറയുന്നുണ്ട്. ഈയവസരത്തിൽ റോമുമായി സഭാപരമായ സൗഹൃദം പുന:സ്ഥാപിക്കുന്ന കാര്യത്തിൽ ഇറ്റലിയിലെയും ലോകത്തെമ്പാടുമുള്ള ഇവാഞ്ചലി ക്കൽവിശ്വാസികൾ ഇപ്പോഴും പ്രതീക്ഷ വച്ചു പുലർത്തുന്നവരാണ്. കത്തോലിക്കാ മതത്തിലെ ചില വിശ്വാസഭാഗങ്ങളും ഇവാഞ്ചലിക്കൽ വിശ്വാസവും തമ്മിലുള്ള സാമ്യമാണ് ഈ വിശ്വാസത്തിനാധാരം.

എല്ലാ വിശ്വാസികളുടെയും ആത്മീയയാത്ര അവസാനിക്കുന്നത് ഏകദൈവത്തി ലാണെന്നും ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിച്ചു.